**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4868** **20-03-2025 - ൽ മറുപടിയ്ക്ക്**

**തിരൂരങ്ങാടി നിയോജകമണ്ഡലത്തിലെ ദേശീയ പാത**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പി. എ. മജീദ് | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | തിരൂരങ്ങാടി നിയോജകമണ്ഡലത്തിലെ തെന്നല പഞ്ചായത്തിലെ 10, 11 വാർഡുകളിലൂടെ (കോഴിച്ചെന, കണ്ടംചിറ) കടന്നുപോകുന്ന ദേശീയ പാത ഗതാഗത യോഗ്യമാക്കുന്നതിനുള്ള പ്രൊപ്പോസലിന്മേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | (എ) | തിരൂരങ്ങാടി നിയോജകമണ്ഡലത്തിൽ ദേശീയപാത 66-ന്റെ ഭാഗമായ പൊതുമരാമത്ത് വകുപ്പിന്റെ അധീനതയിലുള്ളതും തെന്നല ഗ്രാമപഞ്ചായത്ത് 10, 11 വാർഡുകളിൽ ഉൾപ്പെട്ടതുമായ ഭൂമിയിലൂടെ റോഡ് ഗതാഗത യോഗ്യമാക്കുന്നതിനുള്ള മലപ്പുറം ജില്ലാ കളക്ടറുടെ കത്ത് ഉൾപ്പെടെയുള്ള ദേശീയപാത വിഭാഗം ചീഫ് എഞ്ചിനീയറുടെ പ്രൊപ്പോസൽ 17.03.2025 ന് ലഭ്യമായിട്ടുണ്ട്. ഈ പ്രൊപ്പോസൽ പരിശോധിച്ച് വരുന്നു. |
| (ബി) | സർക്കാർ ഭൂമിയായതിനാൽ ദേശീയപാത കരാറുകാരന് സൗജന്യമായി ഈ റോഡ് നിർമ്മിക്കുന്നതിന് അനുമതി നൽകണമെന്ന് ആവശ്യപ്പെട്ട് പൊതുമരാമത്ത് ദേശീയപാത വകുപ്പ് ചീഫ് എഞ്ചിനീയർ മുഖേന ജില്ലാ കളക്ടർ സമർപ്പിച്ച കത്ത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം നൽകാമോ; | (ബി) | എ പിരിവിന്റെ അതേ മറുപടി |
| (സി) | ഇതേ ആവശ്യം ഉന്നയിച്ചുകൊണ്ട് തെന്നല പഞ്ചായത്ത് ഭരണസമിതിയുടെ ഐക്യകണ്ഠേനയുള്ള ബോർഡ് തീരുമാനം ഉള്ളടക്കം ചെയ്ത് മണ്ഡലം എം.എൽ.എ. നൽകിയ അപേക്ഷയിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | (സി) | എ പിരിവിന്റെ അതേ മറുപടി |
| (ഡി) | റോഡ് സൗജന്യമായി നിർമ്മിക്കുന്നതിന് ദേശീയപാത നിർമ്മാണത്തിന്റെ കരാറുകാരൻ തയ്യാറായതിനാലും സർക്കാരിന് സാമ്പത്തിക ബാധ്യത ഇല്ലാത്തതിനാലും ഈ റോഡിന്റെ നിർമ്മാണത്തിന് ആവശ്യമായ അനുമതി സമയബന്ധിതമായി നൽകുമോ; വിശദമാക്കാമോ? | (ഡി) | എ പിരിവിന്റെ അതേ മറുപടി |

സെക്ഷൻ ഓഫീസർ